# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

നമ്പർ : 1663/ആർ 1/2021/കെ.ഡി.ആർ.ബി തിരുവനന്തപുരം
28.01.2022

**<u>തിരുത്തൽ വിജ്ഞാപനം</u>**

താഴെപ്പറയുന്ന കാര്യങ്ങൾ എല്ലാവരുടെയും അറിവിലേക്കായി പ്രസിദ്ധപ്പെടുത്തുന്നു.

12.01.2022 ലെ വിജ്ഞാപനപ്രകാരം ഗുരുവായൂർ ദേവസ്വം ബോർഡിലെ സർജൻ (കാറ്റഗറി നമ്പർ – 1/2022), ലാബ് അസിസ്റ്റന്റ് (കാറ്റഗറി നമ്പർ – 2/2022), കുക്ക് (കാറ്റഗറി നമ്പർ – 3/2022) എന്നീ തസ്തികകളിലേയ്ക്ക് പ്രസിദ്ധീകരിച്ച പ്രധാന വിജ്ഞാപനങ്ങളുടെ ഖണ്ഡിക 10 "മറ്റു വിവരങ്ങളിലെ", താൽക്കാലിക/ദിവസവേതന ജീവനക്കാർക്കുള്ള പ്രായപരിധി, ഗ്രേസ് മാർക്ക് ഇവ പ്രതിപാദിക്കുന്നിടത്ത് ഗുരുവായൂർ ദേവസ്വത്തിലെ താൽക്കാലിക/ദിവസവേതന ജീവനക്കാർ എന്നതിനു പകരം തിരുവിതാംകൂർ ദേവസ്വം ബോർഡിലെ താൽക്കാലിക/ദിവസവേതന ജീവനക്കാർ എന്ന് തെറ്റായി ചേർത്തിരിക്കുന്നതായി കാണുന്നു. ഗുരുവായൂർ ദേവസ്വം ബോർഡിൽ ഇതേ തസ്തികയിൽ താൽക്കാലിക/ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് മാത്രമേ ഉയർന്ന പ്രായപരിധിയ്ക്കും ഗ്രേസ് മാർക്കിനും അർഹതയുള്ളൂ. ആയതിനാൽ മുകളിൽ സൂചിപ്പിച്ച ഗുരുവായൂർ ദേവസ്വത്തിലെ വിജ്ഞാപനങ്ങളുടെ ഖണ്ഡിക 10 ൽ ചേർത്തിരിക്കുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എന്ന വാചകം ഗുരുവായൂർ ദേവസ്വം ബോർഡിലെ എന്ന് തിരുത്തി വിജ്ഞാപനം ചെയ്യുന്നു.

ഇതേ വിജ്ഞാപനപ്രകാരം പ്രസിദ്ധപ്പെടുത്തിയ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ, കാറ്റഗറി നമ്പർ - 4/2022) തസ്തികയുടെ അപേക്ഷാഫീസ് 750/- രൂപ (എഴുന്നൂറ്റി അൻപത് രൂപ മാത്രം) (പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് 500/- രൂപ (അഞ്ഞൂറ് രൂപ മാത്രം)) ആണ്. എന്നാൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച പ്രധാന വിജ്ഞാപനത്തിൽ 750/- രൂപ എന്നതിനുപകരം 500/- രൂപ (പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് 300/- രൂപ) എന്ന് തെറ്റായി പ്രസിദ്ധീകരിച്ചു. 12.01.2022 ൽ പ്രസിദ്ധീകരിച്ച തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയുടെ (കാറ്റഗറി നമ്പർ - 4/2022) അപേക്ഷാഫീസ് 750/- (എഴുന്നൂറ്റി അൻപത് രൂപ മാത്രം) രൂപ ആണെന്നും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് 500/- (അഞ്ഞൂറ് രൂപ മാത്രം) രൂപ ആണെന്നും ഇതിനാൽ തിരുത്തി വിജ്ഞാപനം ചെയ്യുന്നു.

12.01.2022 ൽ പ്രസിദ്ധീകരിച്ച വിജ്ഞാപനങ്ങളിൽ മുകളിൽ പറഞ്ഞ തിരുത്തലുകൾ വരുത്തി വിജ്ഞാപനം പുറപ്പെടുവിക്കുന്നു. വിജ്ഞാപനത്തിലെ മറ്റ് വ്യവസ്ഥകൾക്കൊന്നും മാറ്റമുണ്ടായിരിക്കുന്നതല്ല.

ഉത്തരവിൻ പ്രകാരം,
ഒപ്പ്
സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്